# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്ത പത്രിക | 2025 സെപ്തംബർ–ഒക്ടോബർ



# സ്നേഹ സ്മരണയ്ക്ക്





## വർക്കി ചവരൊ

കോയ്മക്കാട്
മഞ്ഞുമ്മൽ

ജനനം : 10 - 02 - 1914
മരണം : 01 - 09 - 1987





## മോനമ്മ ചവരൊ

കോയ്മക്കാട് (കുന്നത്ത്പറമ്പ്)

ജനനം : 04 - 05 - 1923
മരണം : 22 - 07 - 2004



# സ്വസ്തി


2025 സെപ്തംബർ– ഒക്ടോബർ

രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**ഷാൾട്ടൻ കൊറയ, ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.**
(സഹവികാരി)

**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)

**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)


## *അകത്താളുകളിൽ*


എഡിറ്റോറിയൽ

ഇടയമൊഴി

അനുഗ്രഹമാരിയുടെ അമ്മ

വിൺപ്രഭ ചൂടിയ പാട്ടുകൾ

നന്മയോതിയ നാല്പതാണ്ടുകൾ

പനിനീർമഴയായി ഒരു ഗാനം

ഇടവക വാർത്തകൾ



Layout : **L.F. Press, Manjummel**
Cover Design : **Fr. Albin Thomas OCD**



എഡിറ്റോറിയൽ

# അർഥപൂർണമാകണം, ആഘോഷം

*ജനക്കൂട്ടത്തോടൊപ്പം ഞാൻ പോയി ; ദേവാലയത്തിലേക്ക് ഞാനവരെ ഘോഷയാത്രയായി നയിച്ചു. ആഹ്ളാദാരവവും കൃതജ്ഞതാഗീതികളും ഉയർന്നു; ജനം ആർത്തുല്ലസിച്ചു. ഹൃദയം പൊട്ടിക്കരയുമ്പോൾ ഞാൻ ഇതെല്ലം ഓർത്തു. (സങ്കീ. 42 :4 )*



**ആ**ർഭാട ദൃശ്യങ്ങൾക്കിടയിൽ നിന്ന് മാറി ഒരു കൂട്ടുകാരൻ, കരഞ്ഞു നീർവറ്റിയ മിഴികൾ ഇരുളിൽ നട്ടിരിപ്പുണ്ടോ? ആഘോഷത്തിന്റെ നൃത്തച്ചുവടുകൾക്കപ്പുറം ചങ്കിടിപ്പിന്റെ താളം മാത്രം ശ്രവിച്ചു ഒരമ്മയും മക്കളും വിമൂകമായ ഏകാന്തതയിൽ ഒറ്റപ്പെടുന്നുണ്ടോ? നമ്മുടെ കൂട്ടായ്മയിൽ, രോഗത്താൽ നൊമ്പരപ്പെടുന്ന ഒരാൾ ഔഷധമായി ഒരു ആശ്വാസ വചനമെങ്കിലും കൊതിക്കുന്നുണ്ടോ?

എങ്കിൽ, അവരുടെ അവസ്ഥ മനസ്സിലാക്കാതെ ആ സങ്കടം അറിയാതെ അരികിലെത്തി ആശ്വാസവും ധൈര്യവും ആഹ്ളാദവും പകരാതെ നാം ഏറ്റുന്ന ആഘോഷ കൊടികൾ നമുക്ക് നേരെ അപായ സൂചന വീശും. ആഘോഷം അർത്ഥശൂന്യമാവും.

ജീവിതം മതിയാക്കിപ്പോയ സുഹൃത്തിന്റെ പടത്തിലും കുടീരത്തിലും മാത്രമേ പൂക്കൾ അർപ്പിക്കൂ എന്ന ശാഠ്യമുപേക്ഷിക്കണം. നേരിൽ കാണുമ്പോൾ നാം ഒരു പുഞ്ചിരി പോലും നൽകാത്തതാവാം ആ വേർപാടിന് ഒരു കാരണം. ആദിമ ക്രൈസ്തവർ അനുഷ്ടിച്ച പങ്കുവയ്പ് ശുശ്രൂഷ, സങ്കടങ്ങളുടെയും പങ്കുവയ്പായിരുന്നു. എന്നാൽ നമുക്കിടയിൽ അത്തരം പങ്കുവയ്പിന് ശ്രമിച്ചാലുള്ള അവസ്ഥ?

അത് കൊണ്ടൊക്കെ തന്നെയാണ് നാം ക്രിസ്ത്യാനികളല്ല, ക്രൈസ്തവ നാമധാരികൾ മാത്രമാണെന്ന് പറയുന്നത്. ആദ്യം മനുഷ്യനാവണം, എന്നിട്ടു വേണം ക്രിസ്ത്യാനിയാവാൻ പരിശ്രമിക്കാൻ.

ഈ പെരുന്നാൾ അർഥം തേടാൻ ശ്രമിക്കുന്നത് രണ്ടു കുടുംബങ്ങൾക്ക് കിടപ്പാടം നൽകിക്കൊണ്ടാണ്. അവർ സ്വർഗത്തിലേക്ക് നന്ദിയോടെ കൂപ്പുന്ന കരങ്ങൾ തന്നെയാവട്ടെ നമ്മുടെ ആസന്നമായ തിരുനാളുകളുടെ വിളംബരം.

**ജയ്സൺ റ്റി. ജോൺ,**
ചീഫ് എഡിറ്റർ



# ഇടയമൊഴി



തിരുസഭയുടെ മഹാജൂബിലി വർഷത്തെ ക്രിസ്മസ് എന്ന പ്രത്യേകതയും ഒപ്പം ലോകരക്ഷകന്റെ ജനനത്തിന് “ഇതാ കർത്താവിന്റെ ദാസി” നിന്റെ വചനം പോലെ എന്നിലാകട്ടെ എന്ന് പ്രത്യുത്തരം നൽകിയ അമലോത്ഭവയായ പരിശുദ്ധ അമ്മയെ സകലവിശ്വാസികളുടെയും അമ്മയായി സഭ പ്രഖ്യാപിച്ചവർഷം എന്ന പ്രത്യേകതയും ഇത്തവണത്തെ ക്രിസ്മസി നുണ്ട്.

ക്രിസ്മസ് എന്നത് യേശുവിനെ കണ്ടുമുട്ടുന്ന അവസരമാണ്. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ ദൈവം തന്റെ ജനത്തെ സന്ദർശിച്ചതിന്റെ ധ്യാനാത്മകമായ ഓർമ എന്നാണ് ഫ്രാൻസിസ് പാപ്പാ പറയുന്നത്.

ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചു കൊണ്ടു നമുക്കായി രക്ഷയുടെ, പ്രത്യാശയുടെ വാതിൽ നമുക്കായി തുറന്നിടുന്നു. സുവിശേഷത്തിൽ ക്രിസ്തുവിന്റെ ജനനം നമ്മോട് പ്രഘോഷിക്കപ്പെടുന്ന സന്ദേശം ആനന്ദത്തിന്റേതാണ്.


അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം എന്ന് മാലാഖമാർ ഉത്ഘോഷിക്കുമ്പോൾ അത് നമ്മുടെ ഹൃദയത്തോട് ചേർത്ത് നമ്മുടെ ഹൃദയത്തിലും ഒരു തിരുപ്പിറവി സാധ്യമാക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്മസിന്റെ ആനന്ദം നമുക്ക് അനുഭവിക്കുവാൻ സാധ്യമാകുന്നത്.

ലോകരക്ഷകനായ ദൈവപുത്രൻ ജനിച്ചത് കാലിത്തൊഴുത്തിലാണെന്നും അവന്റെ വരവ് ആദ്യം അറിഞ്ഞത് പാവപ്പെട്ട ഇടയന്മാരാണെന്നുമുള്ള ബോധ്യം നമ്മുക്ക് ചുറ്റുമുള്ള സഹോദരങ്ങളെ, കരുണയോടെ, ആർദ്രതയോടെ ചേർത്ത് പിടിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും തിരുപിറവിയുടെ അനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി



# പുൽക്കൂടിന്റെ സന്ദേശം



ക്രിസ്തുവിൽ സ്നേഹം നിറഞ്ഞവരെ,

**പു**ൽക്കൂട്ടിലേയ്ക്ക് നോക്കുക. ക്രിസ്തുമസ് സന്ദേശം സകല ജനത്തിനും വേണ്ടിയുള്ളതാണ്. പുൽക്കൂട്ടിൽ വിജ്ഞാനികളുണ്ട്, പാവപ്പെട്ട ഇടയന്മാരുണ്ട്, രാജാക്കന്മാരുണ്ട്, കൃപനിറഞ്ഞ മറിയമുണ്ട്, നീതിമാനായ യൗസേപ്പുമുണ്ട്. കന്നുകാലികളുണ്ട്. പുൽനാമ്പുകളുണ്ട്, മാലാഖമാരുണ്ട്. കൂടാതെ, എല്ലാറ്റിനും ഉടയവനായ ദൈവത്തിന്റെ സാന്നിധ്യമുണ്ട്. പറുദീസായിൽ നഷ്ടമായ കൂട്ടായ്മ ഇവിടെയുണ്ട്. പറുദീസായിൽ സ്ത്രീയെ തള്ളിപ്പറഞ്ഞ പുരുഷനും, സൃഷ്ടിയെ തള്ളിയ സ്ത്രീയെയും കാണുമ്പോൾ ഇവിടെ തള്ളിക്കളയാൻ കാരണമുണ്ടായിട്ടും ദൈവഹിതത്തെ മുറുകെപിടിച്ച മറിയവും മറിയത്തെ കൈവിടാത്ത യൗസേപ്പും കാണുന്നു. അവിടെ ദൈവത്തിൽ നിന്നും മനുഷ്യൻ ഓടിയൊളിച്ചപ്പോൾ ഇവിടെ ദൈവസാന്നിധ്യം മനുഷ്യനെ ഒന്നാക്കുന്നു. ഈ ദൈവസാന്നിധ്യം ഏവരെയും അറിയിക്കുവാൻ ഇന്നത്തെ ലോകത്തിൽ അയയ്ക്കപ്പെട്ട ദൂതന്മാരാണ് നമ്മളേവരും. ഉള്ളിൽ ക്രിസ്തുവിനെ വഹിച്ചുകൊണ്ട് എല്ലാവരെയും മുറുകെപിടിക്കുന്ന പുൽക്കൂടുപോലെ നമുക്കു ക്രിസ്തുവിനെ ലോകത്തിനു നൽകാം.

**ആൽബിനച്ചൻ**
സഹവികാരി

# അനുഗ്രഹമാരിയുടെ അമ്മ




**വി**ദേശ സന്യാസിനിമാർ മാത്രമുണ്ടായിരുന്ന കേരളത്തിൽ ആദ്യമായി നാട്ടുകാരിയായ ഒരാൾ സന്യാസിനിയായി വന്നപ്പോൾ അന്നത്തെ വരാപ്പുഴ ബിഷപ്പ് ബർണദിൻ ബച്ചിനെല്ലി ഏറെ സന്തോഷിച്ചു ആ സന്യാസിനിയാണ് മദർ ഏലീശ്വ. കർമലീത്താ സഭാംഗമായ ബിഷപ്പിന്റെ കച്ചേരിയും ആശ്രമവും മഞ്ഞുമ്മലിൽ ആയിരുന്നതിനാലും, നിഷ്പാദുക കർമലീത്താ സന്യാസിയും ആശ്രമാംഗവുമായ ഫാദർ ലൂയിസ് വൈപ്പിശ്ശേരി ബന്ധു ആയിരുന്നതിനാലും നദീമാർഗം മഞ്ഞുമ്മൽ നാട്ടിൽ മദർ ഏലീശ്വാ പലവട്ടം വന്നിരുന്നതായി ചരിത്രകുതുകികൾ കരുതുന്നു. വൈപ്പിൻ കരയിലെ ഓച്ചന്തുരുത്തിൽ നിന്നും കൂനമ്മാവിലേക്കു വിവാഹം ചെയ്തയച്ച ഏലീശ്വാ ഒരു കുഞ്ഞിന്റെ അമ്മയുമായിരുന്നു. ഭർത്താവിന്റെ മരണത്തെ തുടർന്ന് വന്ന വിവാഹ ആലോചനകൾ മുഴുവൻ നിരസിച്ചാണ് സന്ന്യാസം സ്വീകരിക്കാനും സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രേഷിതയാകാനുമായി ഏലീശ്വാ അന്നത്തെ മെത്രാപ്പോലീത്തയോട് അനുമതി ചോദിച്ചത്. ഏലീശ്വയ്ക്കൊപ്പം മകൾ അന്നയും സഹോദരി ത്രേസ്യയും പിന്നീട് സന്യാസിനിമാരായി.

വൈപ്പിൻ കരയിലെ അതിസമ്പന്നമായ വീട്ടിൽ നിന്ന് കിട്ടിയ അവകാശവും അതേപോലെ സമ്പന്നരായിരുന്ന ഭർത്താവിന്റെ കുടുംബക്കാർ നൽകിയ സ്വത്തുവിഹിതവും സഭയ്ക്ക് വേണ്ടി ഏലീശ്വാ വിനിയോഗിച്ചു. കൂനമ്മാവിലെ സ്ഥലത്ത് പനമ്പ് കൊണ്ട് നിർമ്മിച്ച പന്തലിൽ ആയിരുന്നു ആദ്യമായി നിഷ്പാദുക കർമ്മലീത്ത മൂന്നാം സഭ (third order of discalced carmelites) അഥവാ ടി.ഒ.സി.ഡി. സ്ഥാപിച്ചത്.

ഇതിൽ നിന്നാണ് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ് (CTC) രൂപം കൊണ്ടത്. പില്ക്കാലത്തു റീത്തടിസ്ഥാനത്തിൽ ഈ സഭ വിഭജിക്കപ്പെട്ടു. സ്ത്രീകളിലെ വിദ്യാഭ്യാസ പ്രചാരണം ജീവിത വിശുദ്ധി എന്നിവ സഭയുടെ മുഖമുദ്രയായി മാറി. ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സന്യാസ സഭയുടെ കീഴിലുണ്ട്. സി.ടി.സി. സഭയുടെ ചാത്യാത്ത് സ്കൂളിൽ പഠനത്തിന് അവസരം ലഭിച്ച പ്രമുഖരിൽ ഒരാളാണ് ഇന്ത്യൻ ഭരണഘടനാ അസംബ്ലി അംഗമായ ദാക്ഷായണി വേലായുധൻ. അയിത്തമോ വിവേച നമോ ഇല്ലാതെ പഠനം നടത്താനും ആംഗലേയ ഭാഷയിൽ പ്രാവീണ്യം നേടാനും ദുർബല വിഭാഗത്തിൽപ്പെട്ട ഈ മഹതിക്ക് കഴിഞ്ഞത് ചാത്യാത്ത് സ്കൂളിലെ പഠനം മൂലമാണ്. പിൽക്കാലത്തു മഹാരാജാസ് കോളജിലെ കെമിസ്ട്രി ലാബിൽ പോലും ദാക്ഷായണിക്ക് അയിത്തം നേരിടേണ്ടി വന്നതും ചരിത്രമാണ്. മഴയുടെ മധ്യസ്ഥയായും ഏലീശ്വാമ്മയെ കരുതുന്നവരുണ്ട്. വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തൽ ചടങ്ങു ചുട്ടുപൊള്ളുന്ന പകലിൽ തുടങ്ങി രാത്രി വരെ നീണ്ടെങ്കിലും പാതി രാത്രിയോടെ പെയ്ത മഴ കൊച്ചിയെ കുളിർപ്പിച്ചതും ഇതിനു സാക്ഷ്യമായി.

**ടീം സ്വസ്തി**


**കാർട്ടൂൺ**




**മർക്കോസിന്റെ സുവിശേഷം 17-ാം അധ്യായം വായിച്ചവർ കൈ ഉയർത്തിയേ...**



ഓർമകൾ



# വിൺപ്രഭ ചൂടിയ പാട്ടുകൾ



ഏജിദിയൂസ് പാളയത്തിൽ

**വി**ശുദ്ധ പത്താം പീയൂസിന്റെ നൊവേന ഈ ദേവാലയത്തിൽ ചൊല്ലിത്തുടങ്ങിയിട്ടു അറുപത് വർഷമെങ്കിലുമായി. അതിലെ പാട്ടുകൾ എഴുതിയതും ആ നൊവേന ചിട്ടപ്പെടുത്തിയതും മറ്റാരുമല്ല, ഹൃദയം കവരുന്ന അനവധി ഗാനങ്ങൾ രചിച്ച നമ്മുടെ സെബാസ്റ്റ്യൻ മുണ്ടഞ്ചേരി അച്ചനാണ്. 1964 ൽ ബോംബെയിൽ ദിവ്യ കാരുണ്യ കോൺഗ്രസ് നടന്നത് രാജ്യമെങ്ങും വിശ്വാസ തരംഗം അലയടിക്കാൻ ഇടയാക്കി. അന്ന് ആ സമ്മേളനത്തിൽ പാടിയ പാട്ടുകളും പള്ളികളിൽ ആലപിച്ചിരുന്നു. അതിലെ ഹിന്ദി പാട്ടുകളുടെ ഈണം കടമെടുത്താണ് ഫാദർ സെബാസ്റ്റ്യൻ പത്താം പീയൂസിനെ കുറിച്ചുള്ള പാട്ടുകൾ എഴുതിയത്. വിൺപ്രഭ ചൂടും പുണ്യപ്രഖ്യാതാ എന്ന ഗാനം ആദ്യം. പിന്നീടാണ് ക്രിസ്തുവിങ്കൽ സർവം നൂതനമാക്കാൻ എന്ന ഗാനം രചിച്ചത്. കുട്ടികൾക്ക് ദിവ്യകാരുണ്യം സ്വീകരിക്കാൻ അനുമതി നൽകിയത് പത്താം പിയൂസ് മാർപാപ്പ ആയിരുന്നു. അത്തരം ചരിത്രപരമായ തീരുമാനങ്ങൾ ഉൾപ്പെടെ ആ പാട്ടിലും എഴുതിച്ചേർത്തു. മാത്രമല്ല ആ നൊവേനയും എഴുതി ചിട്ടപ്പെടുത്തി. അന്ന് മുതൽ വ്യാഴാഴ്ചകളിൽ വിശുദ്ധ പത്താം പീയൂസിനോടുള്ള നൊവേന ചൊല്ലി വരുന്നു. കർമലീത്താ സഭ മഞ്ഞുമ്മൽ പ്രൊവിൻസിന്റെ മധ്യസ്ഥൻ കൂടിയായ വിശുദ്ധ പത്താം പിയൂസ് മാർപാപ്പയോടുള്ള വണക്കം ദേവാലയത്തിൽ തുടങ്ങണം എന്ന തീരുമാനത്തെ തുടർന്നായിരുന്നു നൊവേന ചിട്ടപ്പെടുത്തിയത്. കർമലീത്താ സഭയോട് സവിശേഷ വാത്സല്യം പുലർത്തിയ വിശുദ്ധൻ കാനോനിക നിയമത്തിന്റെ പരിഷ്കരണത്തിനും നടപടി സ്വീകരിച്ചു.

# നന്മയോതിയ നാല്പതാണ്ടുകൾ



രണ്ടു തലമുറയെ വിശ്വാസം പരിശീലിപ്പിച്ച ചാരിതാർഥ്യത്തിൽ മതബോധന രംഗത്തു 41 വർഷം പൂർത്തിയാക്കുകയാണ് ബെന്നി തോമസ് അറക്കൽ. 1983 ൽ സെന്റ് ആൽബർട്ട്സ് കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ, അന്ന് ക്യാറ്റിക്കിസം അധ്യാപികയും ഗാർഡിയൻ എയ്ഞ്ചൽസ് യുപി സ്കൂൾ അധ്യാപികയുമായ, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്യാസ സഭയിലെ സിസ്റ്റർ ഗ്രെറ്റയാണ് കുട്ടികളെ വേദപാഠം പഠിപ്പി ക്കാൻ ബെന്നി തോമസിനെ ക്ഷണിച്ചത്.

സർക്കാർ ജോലിയിൽ ഇടുക്കിയിലേക്ക് സ്ഥലം മാറ്റം ലഭിച്ച ഒരു വർഷം ഒഴികെ ശേഷിച്ച മുഴുവൻ കാലവും മഞ്ഞുമ്മൽ ഇടവക ക്യാറ്റിക്കിസം ഡിപ്പാർട്ട്മെന്റിന്റെ ഭാഗമാണ് ബെന്നി സർ. അമ്മൂമ്മയും അമ്മയും പുലർച്ചെ പള്ളിയിൽ പോകുന്നത് കണ്ടാണ് വളർന്നത്. തിരുബാല സഖ്യത്തിൽ അംഗമായിരിക്കുമ്പോൾ സിസ്റ്റർ ഇഗ്നേഷ്യ, സിസ്റ്റർ എമ്രൻസ്യാന തുടങ്ങിയ സന്യാസിനികളാണ് വിശ്വാസ പരിശീലനം നൽകിയത്. ആ പ്രചോദനം ഇപ്പോഴും മനസ്സിലുണ്ട്.

ആദ്യകാലങ്ങളിൽ പഠിപ്പിച്ച കുട്ടികളുടെ മക്കൾക്കും വിശ്വാസ പരിശീലനം നൽകാൻ കഴിഞ്ഞത് ദൈവാനുഗ്രഹമായെന്നും ബെന്നി ഓർമ്മിക്കുന്നു. ഇത് മഹത്തായ ത്യാഗമായൊന്നും കരുതുന്നില്ല. വിശ്വാസപരിശീലനത്തിന്റെ ഭാഗമാകുക എന്നത് ഓരോ വിശ്വാസിയുടെയും കടമയാണ്. ദൈവം ചൊരിഞ്ഞ കൃപകൾക്കു നന്ദി അർപ്പിക്കാനും നാം കടപ്പെട്ടിരിക്കുന്നു.

ഒരാളുടെ ജീവിതത്തിൽ അവശ്യം വേണ്ട സംസ്കാരവും അച്ചടക്കവും ജീവിത മര്യാദകളും ഒക്കെ തന്നെയാണ് മതപഠനം. അത് അക്കാദമിക പഠനത്തിനും അനിവാര്യമാണ് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ബെന്നി സാർ പറയുന്നു.


പനങ്ങാട് ഫിഷറീസ് സർവകലാശാല രജിസ്ട്രാർ ഓഫീസിൽ നിന്നും സൂപ്രണ്ടായി വിരമിച്ച ബെന്നി തോമസ് കുട്ടികൾക്കായുള്ള നിരവധി ബൈബിൾ നാടകങ്ങളുടെയും രചയിതാവാണ്. മേരിമാതാ ബി കുടുംബ യൂണിറ്റ് അംഗമാണ്. പത്നി മിനി അധ്യാപിക. മക്കൾ തേജസ്, ഡോ. സാന്ദ്ര.

**ഫ്രേയ സി.ബി.**



# പനിനീർമഴയായി ഒരു ഗാനം

*റോസാദലങ്ങളുടെ സ്വർഗീയ സൗരഭം ആത്മാവിലുണർത്തുന്ന 'റോസാപ്പൂവേ' എന്ന മരിയൻ ഗീതത്തിന്റെ പിറവിയെക്കുറിച്ച് രചയിതാവ് ജോബി മലേക്കുടി സ്വസ്തിയോട് ....*



"റോസാപ്പൂവേ" എന്ന ഗാനത്തിന്റെ രചയിതാവും സംഗീതകാരനുമായി പലരും എന്നെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ 25 വർഷം മുൻപ് തൃശൂർ കാൽവരി ധ്യാനകേന്ദ്രത്തിൽ ഒരു ദിവസം പരിശുദ്ധ കന്യകാമാതാവ് മനസ്സിൽ എഴുതി, കാതിൽ ഈണം പകർന്നു തന്ന ഗാനമാണിത്  അടിമാലി മാങ്കുളം സ്വദേശിയാണ് ബ്രദർ എന്ന് വിളിക്കപ്പെടുന്ന ജോബി. കോളജ് പഠനകാലത്തു തന്നെ മരിയഭക്തിയുടെ പ്രചാരകനായി.

'ഇതു ഞാൻ എഴുതിയ പാട്ടെന്ന് ഒരിക്കലും അവകാശപ്പെടാ നാവില്ല. ഇതിലെ ചില വരികൾ എഴുതി പൂർത്തിയാക്കാൻ മാസങ്ങളെടുത്തു, മാതാവുമായി നിരന്തരം ചോദിച്ചാണ് അത് പൂർത്തിയാക്കിയത്.

കാൽവരി ധ്യാന കേന്ദ്രത്തിൽ ഞങ്ങൾ ഈ പാട്ടുപാടുമ്പോൾ അത്ഭുതങ്ങൾ അനുഭവവേദ്യമായ പല സാക്ഷ്യങ്ങളുമെത്തി. ജോബി ഓർത്തെടുത്തു. ക്രൈസ്തവനായ ഒരു ഗായകനാണ് അന്നു പാടിയിരുന്നത്. പാട്ട് ഏറ്റുപാടുന്നത് പ്രാർഥനാ ചൈതന്യം നിറഞ്ഞ അനുഭവമാണെന്ന് പലരും പറഞ്ഞു. മാതാവ് പറഞ്ഞു തന്നു.

ഞാൻ എഴുതേണ്ടി വന്ന വിവിധ ഗാനങ്ങൾ ഉൾപ്പെടുത്തി ഒരു സംഗീത ആൽബം തൃശൂരിൽ റെക്കോഡിങ് റൂമിൽ തയാറാവുന്ന സമയം. അതിൽ അവസാന ഗാനമാണ് 'റോസാപ്പൂവേ". അത് പ്രശസ്ത ഗായിക സുജാതയെക്കൊണ്ട് പാടിക്കണമെന്ന് അഭിപ്രായപ്പെട്ടത് ഓർക്കസ്ട്രേഷൻ നിർവഹിക്കുന്ന ജോൺസൺ എന്ന വ്യക്തിയാണ്. ജോൺസന് ഗായികയുമായി പരിചയമുണ്ട്. സുജാതയെക്കൊണ്ട് പാടിക്കണമെങ്കിൽ ചെന്നൈയിൽ പോകണം. പണച്ചെലവുള്ള കാര്യമാണ്. ഔദാര്യമതിയായ ഒരു വ്യക്തി സഹായിച്ചാണ് ഈ ആൽബം പോലും സാധ്യമായത്. അതിനിടെ ഈ ബാധ്യത താങ്ങാനാവില്ല. എന്നാലും നാം ഉദ്ദേശിച്ച ഫീൽ കിട്ടണമെങ്കിൽ സുജാത തന്നെ പാടണം.

ചെന്നൈ എങ്കിൽ ചെന്നൈ.. മാതാവ് നോക്കിക്കോളും ഈ

സംരംഭം മുന്നിൽ നിന്ന് നടത്തിയ ഫാ. ജേക്കബ് വെള്ളി മരുതിങ്കൽ എല്ലാവരെയും ആശ്വസിപ്പിച്ചു. നീ ഗായികയെ വിളിച്ച് ഡേറ്റ് ഫിക്സ് ചെയ്യ്, തൃശൂർ റയിൽവേ കൗണ്ട റിൽ ചെന്ന് ട്രെയിൻ ബുക്ക് ചെയ്യ്. വേഗമാകട്ടെ!

ഓർക്കസ്ട്രിസ്റ്റ് ജോൺ സൺ സുജാതയെ വിളിച്ചു. എടു ത്തില്ല. അൽപം കഴിഞ്ഞ് സുജാത തിരിച്ചു വിളിക്കുന്നു ജോൺസൺ ഞാൻ ചെന്നൈയിലില്ല ബന്ധു വിനെ കാണാൻ നാട്ടിലേക്കാണ് ട്രെയിൻ തൃശൂർ അടുക്കാറായി എന്ന്. കാര്യം കേട്ട സുജാത തൃശൂരിൽ ഇറങ്ങി. സ്റ്റുഡിയോ യിലെത്തി റെക്കോഡിംഗ് അന്നു തന്നെ പൂർത്തിയായി. ഇത്തരത്തിൽ പിറക്കും മുൻപേ അത്ഭുതങ്ങൾ അക മ്പടി സേവിച്ച പാട്ടാണിത്.

ഇന്നും ഈ പാട്ടു പാടുന്നവരുടെ അരികിൽ മാതാവെത്തുന്നു. ആഗ്രഹ ങ്ങൾ സാധ്യമാക്കുന്നു. ഭാര്യയും ഏഴുമക്കളും അടങ്ങുന്ന വലിയ കുടുംബമാണ് എന്റേത്, ഞങ്ങളുടെ സ്വന്തമായി പരിശുദ്ധ കന്യകാമറിയ മുണ്ട് എന്ന വിശ്വാസം ഞങ്ങളെ നയിക്കുന്നു. സ്വസ്തിയിൽ നിന്നും വിളിച്ചതും ഒരു നിയോഗമാണ്. കാരണം ഗാനം പുറത്തിറങ്ങിയതിന്റെ സിൽവർ ജൂബിലിയാണിപ്പോൾ ജോബി ആഹ്ലാദത്തോടെ പറയുന്നു.

●

## നമ്മുടെ മിന്നും താരങ്ങൾക്ക് അഭിനന്ദനങ്ങൾ...!




**ജൂ**നിയർ കേരള വോളി ബോൾ ടീമിന്റെ ക്യാപ്റ്റനായി തിര ഞ്ഞെടുക്കപ്പെട്ട വിമലാംബിക B യൂണിറ്റിലെ പാവനത്തറ ജോണി ന്റെയും മെയ് മോൾ ജോണി ന്റെയും മകനായ കെൻ ജോൺ. ഉത്തർപ്രദേശിലെ ബറോലിയിൽ നടന്ന National School Games-ൽ കേരള ടീം അംഗമായിരുന്നു കെൻ. കേരള state സ്ക്കൂൾ വോളി ബോൾ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ടീമിന്റെ ക്യാപ്റ്റൻ കൂടിയായ കെൻ ജോൺ തൃശൂർ S.D.V.H.S.S വോളി ബോൾ അക്കാദമിയിലെ വിദ്യാർഥിയാണ്.

# അഭിനന്ദനങ്ങൾ...!



സംസ്ഥാന സ്കൂൾകായിക മേളയിൽ ഷോബിനു സ്വർണമഴ സംസ്ഥാന സ്കൂൾ കായികമേളയിലെ നീന്തൽ മത്സരങ്ങളിൽ മൂന്നിനങ്ങളിൽ സ്വർണം നേടിയ ഫ്രാൻസിസ്കോ ഷോബിൻ ഇടവകയുടെ അഭിമാനമാവുന്നു. 200 മീറ്റർ ഫ്രീസ്റ്റൈൽ, 50 മീറ്റർ ബാക്സ്ട്രോക് എന്നിവയിൽ വ്യക്തിഗത സ്വർണത്തിനു പുറമെ, ഒന്നാമതെത്തിയ 4 x 100 മീറ്റർ ഫ്രീസ്റ്റൈൽ റിലേ ടീമിൽ അംഗമായുമാണ് ഈ പ്രതിഭ തിളങ്ങുന്ന നേട്ടങ്ങൾ നീന്തിയെടുത്തത്.


മഞ്ഞുമ്മൽ ഗാർഡിയൻ ഏഞ്ചൽസ് ഹയർ സെക്കണ്ടറി എട്ടാം ക്ലാസ് വിദ്യാർത്ഥിയായ ഷോബിൻ വിമലാംബിക എ യൂണിറ്റിലെ കോയ്മക്കാട് ഷോബിൻ നീന ദമ്പതികളുടെ മകനാണ്. ‘അമ്മ നൽകിയ ധൈര്യത്തിലാണ് നീന്തൽ പഠിക്കാൻ ചേർന്നതെന്ന്’ ഷോബിൻ പറയുന്നു. ആദ്യം ഉദ്യോഗമണ്ഡൽ സ്വിമ്മിങ് ക്ലബ്ബിലായിരുന്നു പരിശീലനം. പിന്നീട് പ്രശസ്ത പരിശീലകൻ സജി വാളാശ്ശേരിയുടെ മേൽനോട്ടത്തിൽ അഭ്യസിച്ചു. ഒൻപതാം വയസ്സിൽ പെരിയാർ കുറുകെ നീന്തി ശ്രദ്ധാകേന്ദ്രമായി. രാജഗിരി സ്വിമ്മിങ് അക്കാദമിയിലും പരിശീലനം തുടർന്നു. ദില്ലിയിലെ ത്യാഗരാജ സ്റ്റേഡിയത്തിൽ നടക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള തയാറെടുപ്പിലാണ് ഷോബിൻ.



സ്വർണം നേടിയ ചുവടുറപ്പുമായി അന്റോണിയോ ഇന്റർനാഷണൽ ഏഷ്യൻ ഗെയിംസിന്റെ ഭാഗമായി മലേഷ്യയിൽ നടന്ന ഏഷ്യ കപ്പ് വടം വലി മത്സരത്തിൽ 23 വയസ്സിൽ താഴെയുള്ളവരുടെ ഇനത്തിലും 19 വയസ്സിൽ താഴെയുള്ളവരുടെ ഇനത്തിലും സ്വർണ നേട്ടവുമായി, മഞ്ഞുമ്മൽ ഇടവകയുടെ പുത്രൻ അന്റോണിയോ ജോസ് ഡിക്സൺ. ക്ലബ് ലെവൽ മത്സരങ്ങളിലും അന്റോണിയോ ഉൾപ്പെട്ട ടീം സ്വർണം നേടി.

ജോൺ ഓഫ് ദ ക്രോസ്സ് യൂണിറ്റിലെ കുരിശിങ്കൽ ഡിക്സൺ പ്രീത ദമ്പതികളുടെ മകനാണ്.

# അഭിനന്ദനങ്ങൾ...!



**ഷാ**രോൺ കുടുംബ യൂണിറ്റ് അംഗം പള്ളിപ്പറമ്പിൽ ഡെന്നിയുടെയും റീബ ഡെന്നിയുടെയും മകൻ റോയ് ഡെന്നി കേരള ചാമ്പ്യൻ ഷിപ്പിൽ കരാട്ടെയ്ക്ക് kate and kumite ഗോൾഡ് മെഡൽ കരസ്ഥമാക്കി. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ....!

**സെ**ന്റ് പോൾ യൂണിറ്റിലെ മണിയകാർ വില്യം പ്രകാശിന്റെയും അഞ്ജു വില്യമിന്റെയും മകൻ ആൽവിൻ വില്യം സംസ്ഥാന കരാട്ടെ സബ് ജൂനിയർ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കി. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ....!





ഹോളി ഫാമിലി A കുടുംബ യൂണിറ്റ് അംഗം കൊടിപ്പറമ്പിൽ എബ്രാഹം സേവ്യറിന്റെയും എമില സേവ്യറിന്റെയും മകൾ ആഗ്നൽ മറിയം സേവ്യർ കേരള ചാമ്പ്യൻഷിപ്പിൽ കരാട്ടെയ്ക്ക് സിൽവർ മെഡൽ കരസ്ഥമാക്കി. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ......!



25th Wedding
Anniversary
GODWIN
&
SUMITHA
Madathiparambil (H)
26-11-2025




25th Wedding
Anniversary
MJ George
Bindhu George
Madathiparambil (H)
31.12.2025




Congratulations
Wedding
19-10-2025
Noshiur Francis K
Riya K.W


Congratulations
Wedding
12-10-2025
Rinesh Ruben
Cilla Grace





# ഇടവക മദ്ധ്യസ്ഥ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ 160–ാം ദർശന തിരുനാൾ തിരുകർമങ്ങൾ

നവംബർ 23 മുതൽ ഡിസംബർ 1 വരെ തിരുനാൾ ഒരുക്കത്തിനു മുന്നോടിയായിട്ടുള്ള ദിവ്യബലിയും, നൊവേനയും എല്ലാ ദിവസവും വൈകിട്ട് 5.30ന്

## തിരുനാൾ ദിനങ്ങൾ

### 2025 ഡിസംബർ 2 ചൊവ്വ – വിശ്വാസ പരിശീലന ദിനം

| | | |
|---|---|---|
| രാവിലെ 6.00 ന് | : | ദിവ്യബലി |
| വൈകിട്ട് 5.30 ന് | : | കൊടികയറ്റം, പൊന്തിഫിക്കൽ ദിവ്യബലി |
| മുഖ്യകാർമികൻ | : | റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ<br>(സഹായമെത്രാൻ, വരാപ്പുഴ അതിരൂപത |
| പ്രസംഗം | : | റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി<br>(വികാരി, ലൂർദ്ദ് മാതാ ഇടവക, എളമക്കര) |
| കാഴ്ചസമർപണം | : | വിശ്വാസ പരിശീലന വിഭാഗം<br>പുതിയ ഭവനങ്ങളുടെ താക്കോൽ ദാനം |

### 2025 ഡിസംബർ 3 ബുധൻ – പ്രേഷിത ദിനം
### വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 6.00ന് | : | ദിവ്യബലി |
| മുഖ്യകാർമികൻ | : | വെരി റവ. ഫാ. എബിജിൻ അറക്കൽ<br>(ചാൻസിലർ വരാപ്പുഴ അതിരൂപത) |
| പ്രസംഗം | : | റവ. ഡോ. വിൽസൺ സ്രാമ്പിക്കൽ ഒ.സി.ഡി.<br>(സേക്രട്ട് ഹാർട്ട് ഫിലോസഫി കോളേജ്, ആലുവ)<br>പ്രദക്ഷിണം (കുരിശുപള്ളി വരെ) ലദീഞ്ഞ |
| കാഴ്ചസമർപ്പണം | : | അൾത്താര ശുശ്രൂഷകർ, ദർശനസമൂഹം, ഭക്തസംഘടനകൾ, പ്രസുദേന്തിമാർ |

### 2025 ഡിസംബർ 4 വ്യാഴം – ഇടവകദിനം

| | | |
|---|---|---|
| രാവിലെ 6.00 ന് | : | ദിവ്യബലി |
| വൈകീട്ട് 6.00 ന് | : | ലത്തോറന്മാരുടെ വാഴ്ച, ദിവ്യബലി |
| മുഖ്യകാർമികൻ | : | റവ. ഫാ. റോബിൻ ഒ.സി.ഡി.<br>(സാംബിയ മിഷൻ) |
| പ്രസംഗം | : | റവ. ഡോ. ബോസ്കോ കൊറയ ഒ.സി.ഡി.<br>(സേക്രഡ് ഹാർട്ട് ഫിലോസഫി കോളേജ്, ആലുവ) |
| സഹകാർമികർ | : | ഇടവകയിലെ വൈദീകർ |
| കാഴ്ചസമർപണം | : | കുടുംബയൂണിറ്റ് ഭാരവാഹികൾ<br>ലദീഞ്ഞ |

തുടർന്ന്, ഇടവക മക്കൾ ഒരുക്കുന്ന മെഗാഷോ **GLORIA 2025**



## 2025 ഡിസംബർ 5 വെള്ളി - യുവജനദിനം

രാവിലെ 6.00ന് : ദിവ്യബലി
രാവിലെ 7.00ന് : പ്രസുദേന്തി തെരഞ്ഞെടുപ്പ്
വൈകീട്ട് 6.00ന് : ദിവ്യബലി
മുഖ്യകാർമികൻ : റവ. ഡോ. ജിജു ജോർജ്ജ് അറക്കത്തറ
(KRLCBC, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ)
പ്രസംഗം : റവ. ഫാ. ആൽബിൻ ഫ്രാൻസീസ് ഒ.സി.ഡി.
(സെന്റ് ജൂഡ് ആശ്രമം, എരമല്ലൂർ)
കാഴ്ചസമർപ്പണം : യുവജനങ്ങൾ
ലദീഞ്ഞ
തുടർന്ന്, **DANCE COMPETITION - FEET ON FIRE**

## 2025 ഡിസംബർ 6 ശനി - കുടുംബദിനം

രാവിലെ 6.00ന് : ദിവ്യബലി
രാവിലെ 9.00ന് : വാഹനവെഞ്ചിരിപ്പ്
വൈകീട്ട് 6.00ന് : ദിവ്യബലി, പ്രസുദേന്തിവാഴ്ച
മുഖ്യകാർമ്മികൻ : വെരി റവ. മോൺ. മാത്യു കല്ലിങ്കൽ
(വികാരി ജനറൽ വരാപ്പുഴ അതിരൂപത)
പ്രസംഗം : റവ. ഫാ. സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ ഒ.സി.ഡി.
(യേശുഭവൻ കണിച്ചുകുളങ്ങര)
കാഴ്ചസമർപ്പണം : ദമ്പതിമാർ
ലദീഞ്ഞ
തുടർന്ന്, **LIGHT AND SOUND SHOW**

## 2025 ഡിസംബർ 7 ഞായർ - കർമലീത്താ ദിനം

രാവിലെ 6.00നും,
7.30നും : ദിവ്യബലി
ഉച്ചയ്ക്ക് 2.30ന് : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം പള്ളിയിറക്കം
തുടർന്ന്,
**സാരിമാല ചാർത്തൽ**
വൈകീട്ട് 5.30ന് : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എഴുന്നള്ളിക്കൽ,
ദിവ്യബലി
മുഖ്യകാർമികൻ : വെരി റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി.
(പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രൊവിൻസ്)
പ്രസംഗം : റവ. ഫാ. ജോജോ സേവ്യർ ഒ.സി.ഡി.
(സെന്റ് കൊർണേലിയൂസ് ആശ്രമം കോളയാട്)
കാഴ്ചസമർപ്പണം : അല്മായ കർമലീത്താസഭ, ഇടവകയിലെ വൈദിക
രുടെയും സന്യസ്തരുടെയും കുടുംബാംഗങ്ങൾ
**ആഘോഷമായ പട്ടണപ്രദക്ഷിണം** (തെക്കോട്ട്),
തുടർന്ന്, **വർണകാഴ്ച**

## ഇടവക വാർത്തകൾ



### 2025 ഡിസംബർ 8 തിങ്കൾ - തിരുനാൾദിനം

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| | : | റവ. ഫാ. ആന്റണി കടേപ്പറമ്പിൽ ഒ.സി.ഡി.<br>(സെന്റ് തെരേസ ആശ്രമം, കർണൂൽ) |
| രാവിലെ 9.30ന് | : | ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി |
| മുഖ്യകാർമികൻ | : | **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**<br>(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത) |
| പ്രസംഗം | : | **റവ. ഡോ. വിൻസെന്റ് വാര്യത്ത്**<br>(ഡയറക്ടർ, ആശിർഭവൻ) |
| കാഴ്ചസമർപ്പണം | : | തിരുനാൾ എക്സിക്യൂട്ടീവ് കമ്മിറ്റി<br>പ്രദക്ഷിണം (കുരിശുപള്ളിവരെ) |
| ഉച്ചയ്ക്ക് 2.30ന് | : | ദിവ്യബലി |
| | : | റവ. ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി.<br>(ഡയറക്ടർ, സി.ആർ.സി. മഞ്ഞുമ്മൽ) |
| വൈകീട്ട് 4.00ന് | : | ദിവ്യബലി |
| | : | റവ. ഡോ. വർഗ്ഗീസ് ചെറിയകടവിൽ ഒ.സി.ഡി.<br>(ഇഗ്ലേസിയ ദേ പാദ്രെസ് കർമലീത്താസ്, സ്പെയിൻ) |
| വൈകീട്ട് 5.30ന് | : | ദിവ്യബലി (ഇംഗ്ലീഷ്) |
| മുഖ്യകാർമ്മികൻ | : | റവ. ഫാ. ബ്രിഗേൽ വിക്ടർ ഒ.സി.ഡി.<br>(ഹോളി ഫാമിലി ആശ്രമം, എറണാകുളം) |

### 2025 ഡിസംബർ 9 ചൊവ്വ

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി, (ഇടവകയിൽ നിന്ന് മരിച്ച് പോയവർക്ക് വേണ്ടി) |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമ്മികൻ | : | റവ. ഫാ. ജിൻസൻ റോഡ്രിഗ്സ് ഒ.സി.ഡി. (പുഷ്പാരാം ആശ്രമം സുന്ദരഗിരി) |

### 2025 ഡിസംബർ 10 ബുധൻ

| | | |
|---|---|---|
| രാവിലെ 6.00ന് | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം |
| മുഖ്യകാർമികൻ | : | റവ. ഫാ. നിക്സൺ ജോസ് ആക്കപ്പിള്ളി ഒ.സി.ഡി.<br>(സേക്രഡ് ഹാർട്ട് ഫിലോസഫി കോളേജ്, ആലുവ) |

### 2025 ഡിസംബർ 11 വ്യാഴം

| | | |
|---|---|---|
| രാവിലെ 6.00 | : | ദിവ്യബലി |
| വൈകീട്ട് 5.30ന് | : | ദിവ്യബലി, പ്രസംഗം (കുട്ടികൾക്ക് വേണ്ടി) |
| മുഖ്യകാർമികൻ | : | റവ.ഫാ. ഓസ്റ്റിൻ തൈമാട്ടുപറമ്പിൽ ഒ.സി.ഡി.<br>(തിരുകുടുംബ ആശ്രമം സിമിത്തേരിമുക്ക്)<br>തുടർന്ന് **എഴുത്തിനിരുത്ത്** |

# ഇടവക വാർത്തകൾ



## 2025 ഡിസംബർ 12 വെള്ളി

രാവിലെ 6.00ന് : ദിവ്യബലി
രാവിലെ 9.30ന് : ദിവ്യബലി, പ്രസംഗം
(രോഗികൾക്കും വയോജനങ്ങൾക്കും വേണ്ടി)
മുഖ്യകാർമികൻ : റവ. ഫാ. ജോർജ്ജ് കടപ്പുറത്തുതയ്യിൽ ഒ.സി.ഡി.
(CRC ധ്യാനകേന്ദ്രം, മഞ്ഞുമ്മൽ)
വൈകീട്ട് 5.30ന് : ദിവ്യബലി, പ്രസംഗം
മുഖ്യകാർമികൻ : റവ. ഫാ. ജോസ് ആന്റി ഒ.സി.ഡി.
(പ്രൊവിൻഷ്യാൾ ഹൗസ് കളമശ്ശേരി)

## 2025 ഡിസംബർ 13 ശനി

രാവിലെ 6.00ന് : ദിവ്യബലി
വൈകീട്ട് 5.30ന് : ദിവ്യബലി, പ്രസംഗം
മുഖ്യകാർമികൻ : റവ. ഫാ. ബോബി സേവ്യർ ഒ.സി.ഡി.
(സി.ആർ.സി. മഞ്ഞുമ്മൽ)

## 2025 ഡിസംബർ 14 ഞായർ – പിതൃദിനം

രാവിലെ 6.00ന്,
7.30ന് : ദിവ്യബലി
വൈകീട്ട് 5.00ന് : ദിവ്യബലി, പ്രസംഗം
മുഖ്യകാർമികൻ : വെരി റവ. മോൺ. മാത്യു ഇലഞ്ഞിമറ്റം
(വികാരി ജനറൽ, വരാപ്പുഴ അതിരൂപത)
പ്രസംഗം : ഫാ. സെബാസ്റ്റ്യൻ കുരിശിങ്കൽ ഒ.സി.ഡി.
(സാൻജുവാൻ ഭവൻ, ഉണിച്ചിറ)
കാഴ്ചസമർപ്പണം : പിതാക്കന്മാർ
**പ്രദക്ഷിണം** (ചേരാനല്ലൂർ കടവിലേക്ക്)

## 2025 ഡിസംബർ 15 തിങ്കൾ – എട്ടാമിടം – മാതൃദിനം

രാവിലെ 6.00ന് : ദിവ്യബലി
വൈകീട്ട് 5.30ന് : ദിവ്യബലി
മുഖ്യകാർമികൻ : വെരി റവ. ഡോ. ബിജോയ് മരോട്ടിക്കപ്പറമ്പിൽ
(വൈസ് പ്രസിഡന്റ്, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി ആലുവ)
പ്രസംഗം : റവ. ഫാ. ജോംസൺ തോട്ടുങ്കൽ
(സെന്റ് മേരീസ് ദേവാലയം, മുട്ടിനകം)
കാഴ്ചസമർപ്പണം : അമ്മമാർ

**കൊടിയിറക്കം**

രാത്രി 10.30ന് : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എടുത്തു വയ്ക്കൽ

# അഭിനന്ദനങ്ങൾ...!



സെന്റ് മേരിസ് യൂണിറ്റ് അംഗം കുറ്റിക്കാപ്പറമ്പിൽ ആന്റണി തോമസിന്റെയും വീണ തോമസിന്റെയും മകൾ അൻവിക തോമസ് കേരള ചാമ്പ്യൻഷിപ്പിൽ കരാട്ടെയ്ക്ക് 3rd prize കരസ്ഥമാക്കി. മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ അഭിനന്ദനങ്ങൾ.



ഇവാന മരിയ ജോൺ



ക്ലെയർ മരിയ ജോസ്

നവദർശൻ പൊതുവിജ്ഞാന പ്രശ്നോത്തരി 2025 -ൽ ഫൊറോന തലത്തിൽ നമ്മുടെ ഇടവകയിലെ വിശ്വാസ പരിശീലന യൂണിറ്റ് 12 -ാം ക്ലാസ് വിദ്യാർഥിനി ഇവാന മരിയ ജോണിന് ഒന്നാം സ്ഥാനം. 11-ാം ക്ലാസ് വിദ്യാർഥിനി ക്ലെയർ മരിയ ജോസ് 2-ാം സ്ഥാനം എന്നിവ നേടി. ഇരുവർക്കും ഇടവകയുടെ അഭിനന്ദനങ്ങൾ.....!



## ECUMENICAL DIALOGUE CO-ORDINATOR

Ecumenical Dialogue Co-ordinator ആയി നമ്മുടെ കേന്ദ്രസമിതി അജപാലന കോഡിനേറ്ററായ സെബാസ്റ്റ്യൻ പെരേരയെ ഫെറോനയിൽ തിരഞ്ഞെടുത്തു. ഇടവകയുടെ അഭിനന്ദനങ്ങൾ!!!.

# വി. കൊച്ചുത്രേസ്യയുടെ നാമഹേതുക തിരുനാൾ



**വി**ശുദ്ധ പദവിയുടെ ശതാബ്ദി വർഷത്തിൽ വിശുദ്ധ കൊച്ചുത്രേസ്യ യുടെ നാമഹേതുക തിരുനാൾ ഒക്ടോബർ 3, 4, 5 തീയതികളിലായി ആഘോഷിച്ചു. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. തിരുനാൾ കൊടിയേറ്റി. ദിവ്യബലിയിൽ സി.ആർ.സി. ഡയറക്ടർ ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. റവ. ഡോ. ആന്റണി കവുങ്ങുവളപ്പിൽ ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. രണ്ടാം ദിനം ദിവ്യബലിയിൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ലാൽജു പോളപ്പറമ്പിൽ ഒ.സി.ഡി. മുഖ്യകാർമികനായി. ഫാ. സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ വചനപ്രഭാഷണം നടത്തി. മൂന്നാം ദിനം രാവിലെ നടന്ന ആഘോഷമായ തിരുനാൾ ദിവ്യബലിയിൽ പ്രൊവിൻഷ്യാൾ റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. ഫാ. അനുപ്രതാപ് ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. ഐലിൻ റോസ് വിപിൻ വളാന്തറ ആയിരുന്നു പ്രസുദേന്തി. തുടർന്ന് വിശുദ്ധ കൊച്ചുത്രേസ്യയെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തിയതിന്റെ 100-ാം വാർഷികവും ചെറുപുഷ്പം മാസികയുടെ 100-ാം വാർഷികവും സാഘോഷം കൊണ്ടാടി.

# പരിശുദ്ധ ഫാത്തിമ മാതാവിന്റെയും വിശുദ്ധ യൂദാ തദ്ദേവൂസിന്റെയും തിരുനാൾ



**മ**ഞ്ഞുമ്മൽ മുട്ടാർ ദേവാലയത്തിൽ പരിശുദ്ധ ഫാത്തിമ മാതാവിന്റെയും വിശുദ്ധ യൂദാ തദ്ദേവൂസിന്റെയും തിരുനാൾ ഒക്ടോബർ 10, 11, 12 തീയതികളിൽ സാഘോഷം കൊണ്ടാടി. ഒക്ടോബർ 1 മുതൽ 10 വരെ ജപമാലയും ദിവ്യബലിയും ഉണ്ടായിരുന്നു. ഒക്ടോബർ 10 -ന് വൈകീട്ട് 5.45ന് കൊടികയറ്റം ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. നിർവ

ഹിച്ചു. വിശ്വാസപരിശീലന യൂണിറ്റ് ദിനമായി ആഘോഷിച്ച ആദ്യദിനം ദിവ്യ ബലിയിൽ ഫാ. വിൻസന്റ് നടുവിലപ്പറമ്പിൽ മുഖ്യകാർമികനായി. ഒക്ടോബർ 11-ന് യുവജന ദിനത്തിൽ ദിവ്യബലിയിൽ ഫാ. ഡൊമിനിക് ഫിഗരേദോ മുഖ്യകാർമികത്വം വഹിച്ചു. ഒക്ടോബർ 11 ശനിയാഴ്ച വൈകീട്ട് തിരുസ്വരൂപങ്ങൾ സംവഹിച്ച് ദേവാലയത്തിന്റെ വടക്ക് ഭാഗത്തേക്ക് പ്രദക്ഷിണം. ഒക്ടോബർ 12 ന് ആഘോഷമായ തിരുനാൾ സമൂഹ ദിവ്യബലിയിൽ റവ. ഡോ. മാത്യു സോജൻ മാളിയേക്കൽ മുഖ്യകാർമികനായി. തുടർന്ന്, ദേവാലയത്തിന്റെ തെക്കോട്ട്-മുട്ടാർ പാലം വരെ പ്രദക്ഷിണം. വൈകീട്ട് 6-ന് തിരുനാൾ കൊടിയിറക്കി, തുടർന്ന് കലാപരിപാടികളും അരങ്ങേറി.



## മദർ ഏലീശ്വായുടെ ഛായ ചിത്രം

ധന്യ മദർ ഏലീശ്വായെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തുന്നതിനു മുന്നോടിയായി ധന്യയുടെ ഛായ ചിത്രം വഹിച്ചുള്ള പ്രയാണത്തിന് നവംബർ 6-ന് വൈകീട്ട് നമ്മുടെ ദേവാലയത്തിൽ സ്വീകരണം നൽകി. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD പ്രയാണത്തെ സ്വാഗതം ചെയ്തു. ശേഷം മദർ ഏലീശ്വായുടെ ഛായാ ചിത്രത്തിൽ പുഷ്പാർച്ചനയും ഡോക്യൂമെന്ററി പ്രദർശനവും നടന്നു.

## പന്തലിന്റെ കാൽനാട്ടുകർമ്മം നടത്തി



2025-ലെ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ തിരുന്നാളിന് ഒരുക്കമായുള്ള പന്തലിന്റെ കാൽനാട്ടുകർമ്മം 12-ാം തീയതി രാവിലെ 10 മണിക്ക് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD നിർവഹിച്ചു.

## നിഷ്പാദുക കർമലീത്തസഭ വികാരിജനറലിനു സ്വീകരണം

നിഷ്പാദുക കർമ്മലീത്ത സഭ വികാരി ജനറലായ വെരി റവ. ഫാ. മിക്‌വേൽ മാർക്കോസ് ഒ.സി.ഡി., ഡെഫനിറ്റേഴ്സ് ജനറൽമാരായ വെരി റവ. ഫാ. പയസ് ജെയിംസ് ഡിസൂസ ഒ.സി.ഡി., വെരി റവ. ഫാ. ഗിൽബർട്ട് ഒ.സി.ഡി. എന്നിവർക്ക് മഞ്ഞുമ്മൽ ഇടവക സ്വീകരണം നൽകി. റോമിൽ നിന്നെ

ത്തിയ വിശിഷ്ടാതിഥികൾക്ക് വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. സ്വാഗതം ആശംസിച്ചു. തുടർന്ന് അർപ്പിച്ച ദിവ്യബലിയിൽ വെരി റവ. ഫാ. മിക്വേൽ മർക്കോസ് ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. വികാരി ജനറലും, ഡെഫനിറ്റർ ജനറൽമാരും ഇടവകാംഗങ്ങളുമായി സ്നേഹസംഭാഷണം നടത്തി.

## നവംബർ 9 മിഷൻ ഞായർ



**മ**ഞ്ഞുമ്മൽ അമലോത്ഭവമാതാ ഇടവകദേവാലയത്തിൽ നവംബർ 9-ന് മിഷൻ ഞായർ ആഘോഷിച്ചു. മഞ്ഞുമ്മൽ ഇടവക കേന്ദ്ര സമിതിയുടെയും കുടുംബ യൂണിറ്റുകളുടെയും വിശ്വാസ പരിശീലന യൂണിറ്റ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കാർമൽ യൂത്ത്, ഭക്തസംഘടനകൾ എന്നിവരുടെ സംയുക്ത സംരംഭമായി വിവിധ സ്റ്റോളുകൾ സജീവമായിരുന്നു. അന്നേ ദിനം വിശ്വാസ പരിശീലന യൂണിറ്റ് വാർഷിക ആഘോഷം നടത്തി. കാർമൽ മ്യൂസിയം കാണുവാനുള്ള അവസരവും ഒരുക്കിയിരുന്നു.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

### ആദരിച്ചു



വിശ്വാസപരിശീലന അധ്യാപന രംഗത്ത് നാല് പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ ബെന്നി തോമസ് അറക്കലിനെ ഇടവക ആദരിച്ചപ്പോൾ...!

അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ. ഫാ. വിൻസന്റ് നടുവിലപ്പറമ്പിൽ, അതിരൂപത വിശ്വാസ പരിശീലന സെക്രട്ടറി ശ്രീ. ജോസ് ഡിക്സൻ, വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., മേഖല ഡയറക്ടർ റവ. ഫാ. ജെയ്സൻ ഒ.എസ്.എ. എന്നിവർ ചിത്രത്തിൽ.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

# അമല 2025



അമല 2025 വിശ്വാസ പരിശീലന യൂണിറ്റിന്റെ വാർഷി കാഘോഷങ്ങൾ അമല 25 നവംബർ 9-ന് ആഘോഷിച്ചു.

വൈകിട്ട് 5.30 ന് നടന്ന പൊതു സമ്മേളനത്തിൽ വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. അദ്ധ്യക്ഷനായി. വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ റവ. ഫാ. വിൻസന്റ് നടുവിലപറമ്പിൽ ഉൽഘാടനം ചെയ്തു.

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ സെക്രട്ടറി ജോസ് ഡിക്സൺ, വിശ്വാസ പരിശീലന കമ്മീഷൻ മേഖലാ ഡയറക്ടർ റവ. ഫാ. ജെയ്സൺ ഒ.എസ്.എ., സഹ വികാരി റവ. ഫാ. ആൽബിൻ തോമസ് ഒ.സി. ഡി. വിശ്വാസ പരിശീലന കമ്മീഷൻ പ്രമോട്ടർ സിബി ജോയ്, കേന്ദ്ര നിർവാഹക സമിതി ലീഡർ കെ.ജെ. ബെനഡിക്ട്, പി.ടി.എ. പ്രസിഡന്റ് ബിജു ചാണയിൽ എന്നിവർ സന്നിഹിതരായി. വിശ്വാസ പരിശീലന രംഗത്ത് 40 വർഷം പൂർത്തിയാക്കിയ പ്രിയപ്പെട്ട ബെന്നി സാറിനെയും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ കലാ കായിക രംഗങ്ങളിൽ കഴിവുകൾ തെളിയിച്ച കുട്ടികളേയും ചടങ്ങിൽ ആദരിച്ചു.

തുടർന്നു വിശ്വാസ പരിശീലന യൂണിറ്റിൽ മികച്ച ഹാജർ നേടിയ വർക്കും പഠന, കലാ-കായിക മികവ് പുലർത്തിയവർക്കുമുള്ള സമ്മാന ദാനം, കലാവിരുന്ന് എന്നിവ അരങ്ങേറി.

# ഗ്രാൻഡ് പാരന്റ്സ് ഡേ ആഘോഷിച്ചു



ഫാത്തിമ മാത വിശ്വാസ പരിശീലന യൂണിറ്റിൽ ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷിച്ചു.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

### മാതാവിന്റെ രൂപം വഹിച്ചുള്ള പ്രയാണം

ജപമാല സമർപ്പണത്തിന്റെ ഭാഗമായി മഞ്ഞുമ്മൽ വിശ്വാസ പരിശീലന യൂണിറ്റിന്റെ നേതൃത്വത്തിൽ ഫാത്തിമ പള്ളിയിൽ നിന്നും വരുന്ന മാതാവിന്റെ രൂപം വഹിച്ചുള്ള പ്രയാണം സ്വീകരിക്കാൻ അൻപതോളം കുട്ടികൾ വിശുദ്ധരുടെ വേഷത്തിൽ ഇടവക ദേവലയത്തിന്റ വട്ടക്കല്ലിൽ അണിനിരന്നു.



## സ്നേഹ കൂടാരം 2025



**ഫാ**ത്തിമ മാതാ ദേവാലയത്തിലെ വിശ്വാസ പരിശീലന യൂണിറ്റിന്റെ വാർഷികം 'സ്നേഹ കൂടാരം 2025' വരാപ്പുഴ വിശ്വാസ പരിശീലന കമ്മിഷൻ ഡയറക്ടർ ഫാ. വിൻസന്റ് നടുവി ലപറമ്പിൽ ഉത്ഘാടനം നിർവഹിച്ചു. ഇടവക വികാരി ഫാ. സ്റ്റീജൻ കണ ക്കശേരി OCD അദ്ധ്യക്ഷത വഹിച്ചു. ഫാത്തിമ മാത പ്രീസ്റ്റ് ഇൻ ചാർജ്ജ് ഫാ. ജോൺസൺ മുടവശേരി OCD സ്വാഗതം ആശംസിച്ചു ജോ. സെക്രട്ടറി ആൻഡ്രിയ ജീജൻ റിപ്പോർട്ട് അവതരിപ്പിച്ചു. PTA അസി. ലീഡർ ഷിമ്മി സോഫിയ PTA റിപ്പോർട്ട് അവതരിപ്പിച്ചു. അസി. വികാരി ഫാ. ആൽബിൻ തോമസ് OCD, മേഖല പ്രൊമോട്ടർ സിബി ജോയ്, കേന്ദ്രസമിതി ലീഡർ ബെനഡിക്റ്റ് കോതേത്ത്, ഇടവക വിശ്വാസ പരിശീലന യൂണിറ്റ് HM ആന്റണി രാജു എന്നിവർ ആശംസകളും മാസ്റ്റർ ഫെബിൻ ആന്റണി നന്ദിയും രേഖപ്പെടുത്തി.





## നവാതിഥികൾ

1) **എമിറ എസ്‌ലിൻ അഖിൽ**

D/o മുക്കുങ്കൽ അഖിൽ ജോൺ & ലിറ്റി ജോൺ

2) **ജോസിയാഹ് ജോൺസൺ അഖിൽ**

S/o കാഞ്ഞിരത്തും പറമ്പിൽ അഖിൽ ജോൺസൺ & മേരി സാൻഡ

3) **നതാനിയേൽ ബിനിൽ**

S/o അഴിനാക്കൽ ബിനിൽ & അബിയ ജോൺസൺ

## ഒന്നായവർ

1) അന്തിക്കാട് **എമിൽ മൈക്കിൾ** & കുറുപ്പംഭാഗത്ത് **എലിസബത്ത് സോന**

2) കണ്ണാംപറമ്പിൽ **പ്രിൻസ് ബാബു** & പുതുപ്പറമ്പിൽ **ലിന്റു ജോസഫ്**

3) കാട്ടുപറമ്പിൽ **റിനീഷ് റൂബൻ** & കടവത്തുപറമ്പിൽ **സില്ല ഗ്രേസ്**

4) കല്ലൂർ **നോഷ്യർ ഫ്രാൻസീസ്** & കൈതത്തറ **റിയ**



# മരിച്ചവിശ്വാസികളുടെ ദിനം ആചരിച്ചു

മരിച്ചവിശ്വാസികളുടെ ദിനമായ നവംബർ 2-ന് രാവിലെ 6 മണിക്കും 7.30നും 9 മണിക്കും ദിവ്യബലി ഉണ്ടായിരുന്നു. വൈകിട്ട് 5.30ന് സിമിത്തേരിയിൽ അർപ്പിച്ച ദിവ്യബലിയിൽ ഫാ. വിനു ജോസഫ് ഒ.സി.ഡി. മുഖ്യകാർമികനായി. സി.ആർ.സി. ഡയറക്ടർ ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., ഫാ. ജോൺസൺ മുടവശ്ശേരി ഒ.സി.ഡി., ഫാ. ആന്റണി കവുങ്ങുവളപ്പിൽ ഒ.സി.ഡി., ഫാ. ബോബി സേവ്യർ ഒ.സി.ഡി. എന്നിവർ സഹകാർമ്മികരായി. തുടർന്ന്, എല്ലാ കുഴിമാടങ്ങളിലും ഒപ്പീസ് നടത്തി.



## നിത്യതയിലേക്ക്



**ആന്റണി**
കുരിശിങ്കൽ



**ജോസഫ്**
കുരിശിങ്കൽ



**ജോസഫ്**
കണക്കംപറമ്പിൽ






നിഷ്പാദുക കർമലീത്താസഭ
വികാരിജനറൽ
ഫാ. മെക്വേൽ മർക്കോസിനെ
വികാരിയച്ചൻ ബൊക്കെ നൽകി
സ്വീകരിക്കുന്നു.



വികാരിജനറൽ
ഫാ. മെക്വേൽ മർക്കോസ്
മുഖ്യകാർമികനായി
ഡെഫനിറ്റ് ജനറൽ
ഫാ. പയസ് ജയിംസ് ഡിസൂസ,
ഫാ. ഗിൽബർട്ട് എന്നിവർ
വികാരിയച്ചനോടും
കൊച്ചച്ചനോടുമൊപ്പം
ദിവ്യബലി സമർപ്പിച്ചപ്പോൾ





സ്നേഹ സ്മരണയ്ക്ക്

## 2-ാം ചരമവാർഷികം

# പി.ജി. ലോറൻസ്

പള്ളിപ്പറമ്പിൽ

ജനനം : 08 - 10 - 1940
മരണം : 18 - 12 - 2023

പ്രാർത്ഥനാപൂർവ്വം :
ഭാര്യ, മക്കൾ, പേരക്കുട്ടികൾ, ചെറുമക്കൾ




**Blessed Mother Elishwa**